"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് -ചീഫ് ടൌൺ പ്ലാനറുടെ കാര്യാലയം-മാസ്റ്റർ പ്ലാനുകളും വിശദ നഗരാസൂത്രണ പദ്ധതികളും തയ്യാറാക്കൽ എന്ന പദ്ധതിക്ക് കീഴിൽ സംസ്ഥാന പ്രോജക്ട് സെല്ലിന് കരാറടിസ്ഥാനത്തിൽ വാടകയ്ക്ക് എടുത്ത വാഹനത്തിന്റെ വാടക ഇനത്തിൽ പ്രതിമാസം ചെലവഴിക്കാൻ കഴിയുന്ന പരമാവധി തുകയുടെ പരിധി ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

G.O.(Rt)No.2037/2023/LSGD തീയതി,തിരുവനന്തപുരം, 17-10-2023

---

പരാമർശം:-
1. 29.09.2015-ലെ GO(Rt) No.2955/2015/LSGD നമ്പർ ഉത്തരവ്
2. 12.01.2023 ലെ GO(Rt) No. 94 /2023 /LSGD നമ്പർ
3. ചീഫ് ടൗൺ പ്ലാനർ (പ്ലാനിങ്) ന്റെ 22.02.2023-ലെ TCPCTP/1463/2020-F1നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ടൗൺ പ്ലാനിങ് വകുപ്പിന്റെ പ്ലാൻ പദ്ധതിയിൽ മാസ്റ്റർ പ്ലാൻസ് ആൻഡ് ഡീറ്റൈൽഡ് ടൗൺ പ്ലാൻ എന്ന ഘടകത്തിന് കീഴിൽ സ്റ്റേറ്റ് പ്രോജക്ട് സെല്ലിന്റെ പ്രവർത്തനത്തിന് വാഹനം വാടകയ്ക്കെടുക്കുന്നതിന് (on Contract basis) ഒരുമാസം Rs 30000 (ഇന്ധന ചെലവും, ഡ്രൈവർ ചെലവും ഉൾപ്പെടെ) എന്ന നിരക്ക് നിശ്ചയിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. ഇലക്ട്രിക് വാഹനങ്ങളുടെ ലഭ്യത കുറവ്, ഇതിനായി ANERT-നു മുൻകൂറായി നൽകേണ്ടുന്ന തുക, ചാർജിങ് സ്റ്റേഷനുകളുടെ അപര്യാപ്തത മുതലായവ പരിഗണിച്ചുകൊണ്ട് മാസ്റ്റർ പ്ലാനുകളും വിശദ നഗരാസൂത്രണ പദ്ധതികളും തയാറാക്കൽ എന്ന പദ്ധതിക്ക് കീഴിൽ സംസ്ഥാന പ്രോജക്ട് സെല്ലിന് സൂചന ഉത്തരവ് പ്രകാരം കരാറടിസ്ഥാനത്തിൽ വാടകയ്ക്ക് എടുത്ത വാഹനത്തിനു പ്രതിമാസം 36,000/- രൂപയും (1500 km-ന്) അധികം വരുന്ന ഓരോകിലോമീറ്ററിന് 18 രൂപയും എന്ന നിരക്ക് പുതുക്കി നിശ്ചയിച്ചുകൊണ്ട് തുടർന്നും ഉപയോഗിക്കുന്നതിന് അനുമതി നൽകി പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഈ ഇനത്തിൽ പ്രതിമാസം ചെലവഴിക്കാൻ കഴിയുന്ന പരമാവധി തുകയുടെ പരിധി Rs.38000/- രൂപ ആയിരിക്കുന്നതാണ് എന്ന് പ്രസ്തുത ഉത്തരവിൽ വ്യവസ്ഥ ചെയ്തിരുന്നു

3. 24.11.2021 മുതൽ 24.12.2022-വരെയുള്ള ഒരു വർഷക്കാലം രേഖപ്പെടുത്തിയ ശരാശരി കിലോമീറ്റർ ആയ 1618km അടിസ്ഥനപ്പെടുത്തിയുള്ള Rs.38000/- ആണ് പ്രസ്തുത പരിധി ആയി നിശ്ചയിച്ചത് എന്നും എന്നാൽ ഉയർന്ന കിലോമീറ്റർ പരിധിയിൽ നിന്ന് തന്നെ വാഹനത്തിന്റെ ഒരു മാസത്തെ ഉപയോഗം പ്രതിഫലിക്കുമ്പോൾ, ശരാശരി കിലോമീറ്റർ വെച്ച് മാത്രം ഉയർന്ന കിലോമീറ്റർ പരിധി നിശ്ചയിക്കുന്നത് ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ്)-ന്റെ പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നതാണ് എന്നും ആയതിനാൽ പരമാവധി തുക ഒഴിവാക്കുകയോ,

പരമാവധി തുക നിശ്ചയിക്കേണ്ടത് അനിവാര്യമെന്ന പക്ഷം 2500 km എങ്കിലും ഒരു മാസം വാഹനം ഓടുമെന്നു പരിഗണിച്ച് പരമാവധി തുക 54000/- ആയി ഉയർത്താവുന്നതോ ആണ് എന്നും ചീഫ് ടൗൺ പ്ലാനർ പരാമർശം (3) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

4. സർക്കാർ ഇക്കാര്യം പരിശോധിച്ചു. അമൃത് മാസ്റ്റർ പ്ലാനുകളുടെയും റിസ്ക് ബെയ്സ്ഡ് മാസ്റ്റർ പ്ലാനുകളുടെയും തയാറാക്കലുമായി ബന്ധപ്പെട്ട് ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ്)ഉം അദ്ദേഹത്തിന്റെ കീഴിലുള്ള ഉദ്യോഗസ്ഥരും നിരവധി സൈറ്റ് സന്ദർശനങ്ങൾ നടത്തേണ്ടതുണ്ട് എന്നതിനാലും സംസ്ഥാനം നിർബന്ധമായും നടപ്പിലാക്കേണ്ട പരിഷ്കാരങ്ങളിൽ ഈ പ്രവർത്തനങ്ങൾ പട്ടികപ്പെടുത്തിയിട്ടുണ്ട് എന്നതിനാലും തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ ടൗൺ പ്ലാനിംഗ് വിഭാഗത്തിന്റെ വകുപ്പ് മേധാവിയായാണ് ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ്) പ്രവർത്തിക്കുന്നത് എന്നത് പരിഗണിച്ചുകൊണ്ടും മാസ്റ്റർ പ്ലാനുകളും വിശദ നഗരാസൂത്രണ പദ്ധതികളും തയാറാക്കൽ എന്ന പദ്ധതിക്ക് കീഴിൽ സംസ്ഥാന പ്രോജക്ട് സെല്ലിന് കരാറടിസ്ഥാനത്തിൽ വാടകയ്ക്ക് എടുത്ത വാഹനത്തിന്റെ വാടക ഇനത്തിൽ പ്രതിമാസം ചെലവഴിക്കാൻ കഴിയുന്ന പരമാവധി തുകയുടെ പരിധി Rs.38000/- എന്നതിനു പകരം പ്രസ്തുത വാഹനം ഉപയോഗിക്കാൻ കഴിയുന്ന പ്രതിമാസ ദൂരപരിധി 2500 കി.മീ എന്ന് കണക്കാക്കി പ്രതിമാസം ചെലവഴിക്കാൻ കഴിയുന്ന തുകയുടെ പരിധി 54000/- രൂപയായി നിശ്ചയിച്ച് ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു. മേൽ പറഞ്ഞ ഭേദഗതികളോടെ പരാമർശം (2) ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHEEJA.R.S.
JOINT SECRETARY

ചീഫ് ടൗൺ പ്ലാനർ (പ്ലാനിങ്), ടൗൺ പ്ലാനിങ് വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്I /ആഡിറ്റ്II) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി
ധനകാര്യ (DEV-Wing) വകുപ്പ് - DEV 3/201/2021/Fin

ഉത്തരവിൻ പ്രകാരം
Signed by
Resmi R S
Date: 17-10-2023 10:48:24
സെക്ഷൻ ഓഫീസർ

പകർപ്പ്-

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്